മാതൃഭൂമി

യഥാർഥ പത്രത്തിന്റെ ശക്തി

Mathrubhumi

# ദേശീയ ശില്പശാലയിൽ കോയമ്പത്തൂർ വനഗവേഷണകേന്ദ്രവും



ഐ.എഫ്.ജി.ടി.ബി.യുടെ മിഷൻ ലൈഫ് പോസ്റ്റർ കേന്ദ്ര വനംമന്ത്രി ഭൂപേന്ദർയാദവ് പ്രകാശനംചെയ്യുന്നു

**കോയമ്പത്തൂർ** ▸ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ഡൽഹിയിൽ സംഘടിപ്പിച്ച മിഷൻ ലൈഫ് ദേശീയ ശില്പശാലയിൽ കോയമ്പത്തൂർ വനഗവേഷണ കേന്ദ്രത്തിന്റെ ഭാഗമായുള്ള എൻവിസ് കേന്ദ്രവും പങ്കെടുത്തു. തൊഴിൽരഹിതർക്കായി സംഘടിപ്പിച്ച പരിശീലനത്തിനിടെ മുളയിൽനിന്ന് നിർമിച്ച മൂല്യവർധിത ഉത്പന്നങ്ങൾ ശില്പശാലയിൽ പ്രദർശിപ്പിച്ചു.

എൻവിസ് കേന്ദ്രത്തിന്റെ പോസ്റ്റർ കേന്ദ്ര വനംമന്ത്രി ഭൂപേന്ദർ യാദവ് പ്രകാശനംചെയ്തു. എൻവിസ് മേധാവി ഡോ. കണ്ണൻ വാര്യർ, ഡോ. എസ്. വിഘ്നേശ്വരൻ, ഡോ. ടി. വാമദേവൻ, വി. തങ്കവേൽ, ജി.വി. ശുഭശ്രീ എന്നിവർ പങ്കെടുത്തു.

01. News in Mathrubhumi, Palakkad, 02.02.2023, Release of awareness poster by Hon'ble Minister, MoEFCC in the National Workshop on Life.